പതിമൂന്നാം കേരള നിയമസഭ

പതിനാലാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം : 390 — 29. 06. 2015 ൽ മറുപടിക്ക്

## കാർഷിക ആവശ്യങ്ങൾക്കുള്ള വൈദ്യുതിയുടെ താരീഫ്

ചോദ്യം — ഉത്തരം

ശ്രീ.എസ്.ശർമ്മ — ശ്രീ. ആര്യാടൻ മുഹമ്മദ് (ഊർജ്ജ വകുപ്പ് മന്ത്രി)

| | |
|---|---|
| (എ) കാർഷിക ആവശ്യങ്ങൾക്കായി ഉപയോഗിക്കുന്ന വൈദ്യുതിയുടെ നിരക്ക് വ്യവസായങ്ങൾക്കുള്ള താരീഫിലേക്ക് മാറ്റിയതുമൂലം കാർഷിക രംഗം നേരിടുന്ന പ്രതിസന്ധി ഒഴിവാക്കുന്നതിന് സ്വീകരിക്കുവാൻ ഉദ്ദേശിക്കുന്ന നടപടി വിശദമാക്കാമോ;<br><br>(ബി) സംസ്ഥാന റെഗുലേറ്ററി കമ്മീഷന്റെ 14.08.2014 – ലെ ഉത്തരവ് പുനഃപരിശോധിച്ച് കർഷകർക്കുള്ള വൈദ്യുതി തുടർന്നും ലഭ്യമാക്കുന്നതിന് നടപടി സ്വീകരിക്കുമോ; ഇക്കാര്യത്തിൽ ഇതുവരെ സ്വീകരിച്ച നടപടികൾ വ്യക്തമാക്കാമോ ? | (എ)& (ബി) സംസ്ഥാനത്ത് ഭക്ഷ്യവിളകളായ പയർവർഗ്ഗങ്ങൾ, ധാന്യങ്ങൽ, പഴങ്ങൾ, പച്ചക്കറികൾ മുതലായവയുടെ കൃഷിക്കാവശ്യമായ ജലസേചനം, ലിഫ്റ്റ് ഇറിഗേഷൻ, ഡീ വാട്ടറിങ്ങ് (De-Watering) എന്നിവയ്ക്കുള്ള വൈദ്യുതിയുടെ താരിഫ് LT V (A) അഗ്രികൾച്ചർ ആണ്. എന്നാൽ ലോ ടെൻഷൻ (Low Tension) വിഭാഗത്തിൽ, നാണ്യവിള തോട്ടങ്ങളുടെ (Plantation of Cash Crops) താരിഫ്, 14.08.2014 ലെ കേരള സ്റ്റേറ്റ് ഇലക്ട്രിസിറ്റി റെഗുലേറ്ററി കമ്മീഷന്റെ താരിഫ് പരിഷ്കരണ ഉത്തരവ് വരുന്നതുവരെ ഒരു പ്രത്യേക കാറ്റഗറിയിലും ഉൾപ്പെടുത്തിയിരുന്നില്ല. ആയതിനാൽ, ടി ഉപഭോക്താക്കളെ LTV (A) കാർഷികം വിഭാഗത്തിൽ ഉൾപ്പെടുത്തി ബില്ല് ചെയ്യുകയായിരുന്നു. എന്നാൽ, 14.08.2014-ലെ കമ്മീഷന്റെ താരിഫ് പരിഷ്കരണ ഉത്തരവിലൂടെ നാണ്യവിളകളെ, 'LT IV (A) വ്യവസായം' എന്ന താരിഫ് കാറ്റഗറിയിലേയ്ക്ക് 16.08.2014 മുതൽ മാറ്റിയിട്ടുണ്ട്.<br><br>എച്ച്.റ്റി. വിഭാഗത്തിൽപ്പെട്ട നാണ്യവിള തോട്ടങ്ങളുടെ (plantation of cash crops) താരിഫ്, 1983 മുതൽ തന്നെ വ്യാവസായിക താരിഫിലാണ് ഉൾപ്പെടുത്തിയിരിക്കുന്നത് .<br><br>സംസ്ഥാനത്ത് വൈദ്യുതി താരിഫ് പരിഷ്കരിക്കുന്നതിനുള്ള പരിപൂർണ്ണാധികാരം കേരള |

| | |
|---|---|
| | സംസ്ഥാന വൈദ്യുതി റെഗുലേറ്ററി കമ്മീഷനിൽ നിക്ഷിപ്തമാണ്. റെഗുലേറ്ററി കമ്മീഷൻ അംഗീകരിച്ച നിരക്കുകളിൽ മാറ്റം വരുത്തുന്നതിന്, വിതരണ ലൈസൻസി എന്ന നിലയിൽ കെ.എസ്.ഇ.ബി ലിമിറ്റഡിന് കഴിയുകയില്ല.<br><br>14.08.2014 ൽ റെഗുലേറ്ററി കമ്മീഷന്റെ താരിഫ് ഉത്തരവിന്റെ അടിസ്ഥാനത്തിൽ എണ്ണക്കുരു വിഭാഗത്തിൽപ്പെടുന്ന നാളികേര കൃഷിക്കുള്ള താരിഫ്, സംസ്ഥാനത്തെ ഏതാനും ചില സെക്ഷൻ ഓഫീസുകളിൽ LT IV (A) (വ്യവസായം) താരിഫിലേയ്ക്ക് മാറ്റിയിരുന്നു. എന്നാൽ, ഇത് ശ്രദ്ധയിൽപ്പെട്ട ഉടൻ തന്നെ, വൈദ്യുതി ബോർഡ്, നാളികേര കൃഷിക്കുള്ള വൈദ്യുതി 'LT V (A)' കാർഷികം താരിഫിൽ തന്നെ ബില്ല് ചെയ്യുന്നതിനുള്ള കർശന നിർദ്ദേശം നൽകിയിട്ടുണ്ട്.<br><br>നാണ്യവിളകൾ ഇടവിളകളായി കൃഷി ചെയ്യുന്നവർക്ക് കാർഷിക താരിഫിൽ വൈദ്യുതി നൽകുന്നതിനും ഉത്തരവായിട്ടുണ്ട്.<br><br>ഭക്ഷ്യവിളകളോടൊപ്പം ഇടവിളകളായി ജാതിക്കാ, കാപ്പി, കുരുമുളക് എന്നിവ കൃഷി ചെയ്യുന്ന സ്ഥലങ്ങളിൽ, ഭക്ഷ്യവിളകളായ ധാന്യങ്ങൾ, പയർവർഗ്ഗങ്ങൾ, പച്ചക്കറികൾ,, പഴങ്ങൾ, നാളികേരം മുതലായവയാണ് പ്രധാനമായും കൃഷിചെയ്യുന്നതെങ്കിൽ (കൂടുതൽ സ്ഥലത്ത്) കൃഷിക്കുപയോഗിക്കുന്ന മുഴുവൻ വൈദ്യുതിയും കാർഷിക താരിഫിൽ തന്നെ നൽകുന്നതിനുള്ള നിർദ്ദേശങ്ങൾ, നൽകിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ